# എമ്മാവൂസ്
# വചനദൂത്




## മാതാവിന്റെ സ്വർഗ്ഗാരോപണം

പൗലോസ് ശ്ലീഹാ കോറിന്തിയോക്കാർക്ക് എഴുതിയ ഒന്നാം ലേഖനം 15-ാം അധ്യായം 44-ാം വാക്യത്തിൽ ഇങ്ങനെ പറയുന്നു. 'വിതയ്ക്കപ്പെടുന്നത് ഭൗതിക ശരീരം പുനർജീവിക്കുന്നത് ആത്മീയ ശരീരം." ആത്മശരീരത്തോടെ പരി.അമ്മ സ്വർഗാരോപണം ചെയ്തതിനെ കുറിച്ച് തിരുസഭ ധ്യാനിക്കുന്ന പുണ്യദിനമാണിന്ന്. 4-ാം നൂറ്റാണ്ടിനു മുൻപേ മറിയത്തിന്റെ സ്വർഗാരോപണത്തെപ്പറ്റിയുള്ള വിശ്വാസം സഭയിൽ ആഴപെട്ട് തുടങ്ങി. 1950 നവംബർ 15-ാം തിയതി പന്ത്രണ്ടാം പിയൂസ് മാർപാപ്പാ 'മുനിഫിചെന്തിസ്സീമൂസ ദേവൂസ്' എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ മറിയത്തിന്റെ സ്വർഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ പരിശുദ്ധ അമ്മയെ "സ്വർഗത്തിൽ ആത്മശരീരങ്ങളോടെ മഹത്വീകൃതമായി കഴിയുന്ന ഈശോയുടെ അമ്മ വരാനിരിക്കുന്ന ലോകത്തിൽ പൂർത്തീകരിക്കപ്പെടാനിരിക്കുന്ന സഭയുടെ ഇക്കാലത്തിന്റെ പ്രതീകവും ആരംഭവുമാണ്" എന്ന് വ്യക്തമായി പഠിപ്പിക്കുന്നു. പരി. അമ്മ. ഈ ലോകത്തിലെ തന്റെ ജീവിതം ഇതാ കർത്താവിന്റെ ദാസി എന്ന് പറഞ്ഞ്, എല്ലാ സഹനവും വേദനകളും ദൈവതിരുമനസ്സായി കണ്ടപ്പോൾ, അവൾ സ്വർഗരാജ്യത്തിൽ, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും നിരന്തരം ആരാധന സമർപ്പിച്ചുകൊണ്ട്, ആത്മശരീരങ്ങളോടെ മഹത്വീകൃതയായി സ്വർഗ്ഗത്തിൽ വസിക്കുന്നു.

മറിയത്തിന്റെ ഈ സ്വർഗ്ഗാരോപണം ഈ ഭൂമിയിൽ സഹനവും കഷ്ടപാടുകളും ഏറ്റെടുത്തുകൊണ്ട്, മരണാനന്തര ജീവിതത്തെ ലക്ഷ്യമാക്കി ജീവിക്കാൻ മനുഷ്യമക്കൾക്ക് പ്രത്യാശ പകരുന്നു. ഈ ലോകത്തിലെ ജീവിതം നശ്വരമാണ് എന്നും, നമ്മൾ അദ്ധ്വാനിക്കേണ്ടതും ജീവിക്കേണ്ടതും നശ്വരമായ ഈ ലോകത്തിനപ്പുറമുള്ള, അനശ്വരമായ നിത്യ ജീവിതത്തിനുവേണ്ടിയാണെന്ന് സ്വർഗാരോപിതയായ മാതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. യോഹ 6:27-ൽ ഈശോ പറയുന്നു; "നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ." ഈ ഭൂമിയിലെ ജീവിതത്തിന്റെ നിസ്സാരതയ്ക്കും,

കഷ്ടപ്പാടിനും സഹനത്തിനും ഉപരിയായി വരാനിരിക്കുന്ന നന്മ മനസ്സിലാക്കി ജീവിക്കാൻ പരിശുദ്ധ അമ്മ നമ്മെ പഠിപ്പിക്കുന്നു. ഈ ഭൂമിയിലെ അനുദിന പ്രവർത്തനങ്ങളിലും ഏർപ്പെട്ടാലേ മരണാനന്തരം സ്വർഗ്ഗരാജ്യ പ്രവേശനം നമുക്ക് സാധ്യമാകൂ എന്ന് ത്രീലോക രാജ്ഞിയായി മുടിചൂടി, സ്വർഗാരോപിതയായ അമ്മ നമ്മെ ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധ അമ്മ ജീവിച്ചിരിക്കുമ്പോൾ തന്നെയാണോ, അതോ മരിച്ചതിനുശേഷമാണോ ആത്മീയശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് ആരോപണം ചെയ്തത് എന്ന ബൗദ്ധിക തലത്തിലുള്ള ചർച്ചയ്ക്ക് അപ്പുറം മരണത്തെ തോൽപ്പിച്ച് സാത്താനെ പരാജയപ്പെടുത്തിയവളാണ് പരി. അമ്മ എന്നും ആ അമ്മയോട് മരണനേരത്ത് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ എന്ന് പ്രാർത്ഥിക്കുമ്പോൾ അൽപം കൂടി വിശ്വാസത്തോടും തീക്ഷ്ണതയോടും കൂടി പ്രാർത്ഥിക്കണം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

റോമാ 6:23-ൽ കാണുന്നു "പാപത്തിന്റെ ശമ്പളം മാരണംമാത്രം" എന്ന്. പാപം ചെയ്യുമ്പോൾ ദൈവീക ജീവനിൽ നിന്നും നാം അകറ്റപ്പെടുകയും ആത്മീയമായ മരണത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. മാമോദീസായിലൂടെ നമുക്ക് ലഭിച്ച ഈ ദൈവിക ജീവന്റെ, വരപ്രസാ ദത്തിന്റെ വെള്ളവസ്ത്രം മരണംവരെ നഷ്ടപ്പെടു ത്താതെ കാത്തുസൂക്ഷിച്ചവരാണ് വിശുദ്ധർ. നമ്മൾ ചെറുതും വലുതുമായിട്ടുള്ള പാപം ചെയ്യുമ്പോൾ സംഭവിക്കുന്നതും ഈ ദൈവിക ജീവനിൽ നിന്നും അകന്ന് ആത്മീയ മരണത്തിൽ അടിമപ്പെടുകയാണ്. ആദിമാതാവായ ഹവ്വാ, സാത്താന്റെ ശക്തമായ പ്രലോഭനത്തിൽ ദൈവവചനത്തിനെതിരായ പാപം ചെയ്യുക വഴി മരണം ഭൂമിയിലേക്ക് കടന്നുവന്നു. അതാണ് ഉൽപ്പത്തി 3,6-ൽ നാം വായിക്കുന്നത്. "ആ പഴം സ്വാദുള്ളതും കാഴ്ചയ്ക്ക് കൗതുകവും അറിവേകാൻ ആഭികാമ്യവുമായതുകൊണ്ട് അവൾ പറിച്ചു തിന്നു" എന്നാണ് വചനം പറയുന്നത്. പഞ്ചേന്ദ്രിയങ്ങൾ വഴി സാത്താൻ നമ്മേയും പ്രലോഭിപ്പിക്കും. നമുക്കതനുവദനീയമല്ലാത്ത സുഖത്തിനും സന്തോഷത്തിനുമായി സാത്താൻ നമ്മെ ശക്തമായി പ്രലോഭിക്കും.

ഉല്പ 2, 17-ൽ "ഫലം തിന്നുന്ന ദിവസം നീ മരിക്കും" എന്നാണ് വചനം പറയുന്നത്. ഇത് ശാരീരിക മരണമല്ല, മറിച്ച് ആത്മീയ മരണമാണ്. ഈയൊരു ആത്മീയ മരണ സാധ്യത നമ്മളിലും എപ്പോഴും ഉണ്ട്. ഇപ്രകാരമുള്ള ആത്മീയ മരണത്തിലേക്ക് വീഴാതെ, മാമോദീസായിൽ ലഭിച്ച ദൈവീക ജീവൻ ശാരീരിക മരണംവരെ നിലനിർത്തുമ്പോഴാണ്, നിത്യജീവിതം, അല്ലെങ്കിൽ സ്വർഗപ്രവേശനം നമുക്കും സാധ്യമാകുന്നത്. അതുകൊണ്ടാണ് 'പരിശുദ്ധ മറിയമേ' എന്ന പ്രാർത്ഥനയിൽ മരണസമയത്തും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്ന് പ്രാർത്ഥിക്കുന്നത്. ഈ മരണസമയം എന്നത് ആത്മീയ മരണം ആയിക്കണ്ട് പ്രലോഭനത്തിൽ വീഴാതിരിക്കാനുള്ള ശക്തിക്കായി അമ്മയോട് പ്രാർത്ഥിക്കാം.

യോഹ 5:29-ൽ "നന്മചെയ്തവർ ജീവന്റെ ഉയിർപ്പിലേക്കും തിന്മ പ്രവർത്തിച്ചവർ വിധിയുടെ ഉയിർപ്പിലേക്കും ഉയർത്തെഴുന്നേൽക്കും" എന്ന് വചനം പഠിപ്പിക്കുന്നു. ദൈവം നമ്മെ ശരീരവും ആത്മാവുള്ളവരായി സൃഷ്ടിച്ചു. മരണത്തിൽ ശരീരവും ആത്മാവും വേർപിരിയുന്നു. ശരീരം ജീർണിക്കുന്നു. ആത്മാവ് ദൈവസന്നിധിയിലേക്ക് ഉയരുന്നു. അവസാന നാളുകളിൽ ദൈവം സൃഷ്ടി മുഴുവനേയും നവീകരിക്കുകയും മനുഷ്യരെ ശരീരത്തോടെ ഉയിർപ്പിക്കുകയും മനുഷ്യർ രൂപാന്തരീകൃതരാവുകയും ചെയ്യും. ദൈവം ശരീരത്തെയും ആത്മാവിനെയും രക്ഷിക്കുന്നു. (Youcat 153-154)

അതുകൊണ്ടാണ് ശരീരത്തിന്റെ ഉയിർപ്പിലും നിത്യജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു എന്ന് വിശ്വാസ പ്രമാണത്തിൽ നാം ചൊല്ലുന്നത്. പരിശുദ്ധ അമ്മയുടെ സ്വർഗാരോപണം, ആത്മാവോടും ശരീരത്തോടും കൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടത് നമുക്കും വലിയ പ്രത്യാശ തരുന്നു- ആത്മീയ ശരീരത്തോടു കൂടിയുള്ള ആ പുനർജീവിതം എന്റെ ശരീരത്തിനും എന്റെ ആത്മാവിനും ഉണ്ട് എന്ന പ്രത്യാശ. പരിശുദ്ധ അമ്മയോട് പ്രാർത്ഥിക്കാം എന്റെ ആത്മാവിനെയും ശരീരത്തേയും വിശുദ്ധിയിൽ, പ്രലോഭനത്തിൽ വീഴാതെ കാത്തുകൊള്ളണമേ. ◆